പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 204 30-11-2015 – ൽ മറുപടിയ്ക്ക്

**കടലിൽ നങ്കൂരങ്ങൾ സ്ഥാപിച്ച് മൽസ്യം വളർത്തൽ**

ചോദ്യം ഉത്തരം

| | **ശ്രീ.കെ.ദാസൻ:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
|---|---|---|---|
| എ) | കടലിൽ നങ്കൂരങ്ങൾ സ്ഥാപിച്ച് അതിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് നിലവിൽ പദ്ധതി ഉണ്ടോ; | എ) | നിലവിൽ ഫിഷറീസ് വകുപ്പിൽ അപ്രകാരമുള്ള പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Marine Products Export Development Authority (MPEDA) യുടെ ഗവേഷണ സ്ഥാപനമായ RGCA കടലിൽ കേജ് സ്ഥാപിച്ച് മത്സ്യകുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു ണ്ട്. തിരുവനന്തപുരം ജില്ലയിലെ അടിമലത്തുറയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) | സംസ്ഥാനത്തിന്റെ തീരക്കടലിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള അനുമതിക്കായി ഏതെങ്കിലും സംഘടന അപേക്ഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;? | ബി) | കടലിൽ നങ്കൂരങ്ങൾ സ്ഥാപിച്ച് മത്സ്യകുഞ്ഞുങ്ങളെ വളർത്തുന്നതിനായുള്ള അനുമതിയ്ക്കായി സംഘടനകളിൽ നിന്നും അപേക്ഷകൾ ലഭിച്ചതായി കാണുന്നില്ല. സംസ്ഥാനത്തിന്റെ തീരക്കടലിൽ ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**